## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.362** 29/06/2015-ൽ മറുപടിക്ക്

# പിറ്റ് കോക്കിൽ നിന്നും വൈദ്യുതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ജോസഫ് വാഴയ്ക്കൻ<br>" വർക്കല കഹാർ<br>" സി.പി. മുഹമ്മദ്<br>" സണ്ണി ജോസഫ് | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) പിറ്റ് കോക്കിൽ നിന്നും വൈദ്യുതി ഉൽപാദിപ്പിക്കുന്ന നിലയം സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ; | (എ) ഉണ്ട്. |
| (ബി) എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഇതിലൂടെ ഉൽപ്പാദിപ്പിക്കുവാൻ ലക്ഷ്യമിട്ടിട്ടുള്ളത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | (ബി) ഏകദേശം 500 മെഗാവാട്ട് |
| (സി) പ്രസ്തുത നിലയത്തിനുള്ള സ്ഥലവും ധനവും എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത് ; വ്യക്തമാക്കുമോ; | (സി) കൊച്ചി റിഫൈനറിയോട് ചേർന്നുകിടക്കുന്ന ഫാക്ടിന്റെ 150 ഏക്കർ സ്ഥലമാണ് പദ്ധതിക്കായി കണ്ടുവച്ചിരിക്കുന്നത്. കേന്ദ്ര രാസവളം മന്ത്രാലയത്തോടും, ഫാക്ട് മാനേജ്മെന്റിനോടും ഈ സ്ഥലം പദ്ധതിക്കായി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. കേന്ദ്ര ഊർജ്ജ മന്ത്രാലയം നിഷ്കർഷിച്ചിട്ടുള്ള DBFOT മാതൃകയിൽ ടെണ്ടർ ക്ഷണിച്ച് പദ്ധതിയുടെ നിർമ്മാണവും നടത്തിപ്പും നിശ്ചിതവർഷക്കാലത്തേയ്ക്ക് യൂണിറ്റിന് നിശ്ചിത നിരക്കിൽ വൈദ്യുതി വാങ്ങാനുള്ള പവർ പർച്ചേസ് എഗ്രിമെന്റ് വഴി നൽകുവാൻ ഉദ്ദേശിക്കുന്നു. കൂടാതെ, സ്വിസ്സ് ചലഞ്ച് മാതൃകയിൽ ഇൻകെലിന് (INKEL) പദ്ധതി വികസിപ്പിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനുള്ള ആദ്യ ഓഫർ സമർപ്പിക്കുന്നതിനും തുടർന്ന് Kerala State Electricity Board Limited Case 2/DBFOT മാതൃകയിൽ ക്ഷണിക്കുന്ന ടെണ്ടറിലെ നിരക്ക് കുറവാണെങ്കിൽ അതിനെക്കാൾ മികച്ച നിരക്ക് ക്വാട്ട് ചെയ്യുന്നതിനും സ്വിസ് ചലഞ്ച് മാതൃകയിൽ അവസരം ഉണ്ടായിരിക്കുന്നതാണ്. |

| | |
|---|---|
| (ഡി) ഇത്തരത്തിലുള്ള വൈദ്യുതി (ഡി) ഉൽപ്പാദനം യാഥാർത്ഥ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കുമോ ? | i. പ്രാഥമിക പഠനം നടത്തി ക്വാട്ട് സമർപ്പിക്കുന്നതിന് ഇൻകെലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br>ii. ഫാക്ടിന്റെ അമ്പലമുകളിലുള്ള 150 എക്കർ സ്ഥലം ലഭ്യമാക്കുന്നതിലേയ്ക്കായി സംസ്ഥാന ധനകാര്യവകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു കമ്മിറ്റി രൂപീകരിക്കുകയും ഫാക്ട് മാനേജ്മെന്റുമായി ചർച്ചകൾ നടത്തിയതിന്റെ ഫലമായി FACT-ന്റെ കൈവശത്തിലുള്ളതും ഉപയോഗിക്കാതെ കിടക്കുന്നതുമായ 150 എക്കർ ഭൂമി സൗജന്യമായി സംസ്ഥാന സർക്കാരിന് നൽകികൊണ്ട് തത്വത്തിൽ അനുമതി നൽകിയിട്ടുണ്ട്.<br>iii. പെറ്റ് കോക്കിന്റെ വില സംബന്ധിച്ച് ബി.പി.സി എല്ലുമായി ചർച്ചകൾ ഗവൺമെന്റ് തലത്തിൽ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ